## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4116 27/06/2012-ൽ മറുപടിക്ക്

## ആദിവാസികൾക്കിടയിൽ ക്ഷയരോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. വി. ശശി<br>" കെ. അജിത് | | കുമാരി. പി.കെ. ജയലക്ഷ്മി<br>*(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)* | |
| എ | ആദിവാസികൾക്കിടയിൽ ക്ഷയരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ പടർന്നു പിടിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ | ആദിവാസികൾക്കിടയിൽ ക്ഷയരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. മൺസൂൺകാലത്ത് സാധാരണമായി കണ്ടു വരുന്ന പനിപോലുള്ള രോഗങ്ങൾ ചില പ്രദേശങ്ങളിൽ വ്യാപിച്ചതിനെതുടർന്ന് ടി രോഗങ്ങൾ പകരുന്നത് തടയുവാൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു. പോഷകാഹാരത്തിന്റെ കുറവ് കൊണ്ട് ആദിവാസികൾക്കിടയിൽ ക്ഷയരോഗം കണ്ടു വരുന്നുണ്ട്. ക്ഷയരോഗം കൂടുതലായിക്കണ്ടുവരുന്ന കാസറഗോഡ് ജില്ലയിലെ കൊറഗർ സമുദായത്തിൽ പ്പെട്ടവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനു മായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം പർട്ടിക്കുലറലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പിന്റെ (Particularly Vulnerable Tribal Group) വികസന ത്തിനായി അനുവദിച്ച 148 കോടി രൂപയുടെ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഹെൽത്ത് പാക്കേജിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. |
| ബി | ആദിവാസികളുടെ ആരോഗ്യ സംരക്ഷണ ത്തിനായി എന്തെല്ലാം പദ്ധതികളാണ് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ; | ബി | വിവിധ രോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരെ ചികിത്സിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി 25,000/- രൂപ വരെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ചു വരുന്നു. ഇതു കൂടാതെ 2003-04 വർഷം അധിക |

| | | | |
|---|---|---|---|
| | | | കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് 13.08.2007 ലെ സർക്കാർ ഉത്തരവ് (കൈ) 45/2007/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആദിവാസികളായ രോഗികൾക്ക് ചികിത്സാ ചെലവ്, കൂട്ടിരിപ്പുകാർക്ക് ഭക്ഷണം കഴിക്കുന്നതിനായി 50/- രൂപ, അടിയന്തിര ഘട്ടത്തിൽ ആംബുലൻസ് സംവിധാനം എന്നിവയാണ് നൽകുന്നത്. 2007-08 മുതൽ നടപ്പിലാക്കിയ ഈ പദ്ധതിയിലെ തുക മുഴുവനായും പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികൾക്ക് അനുവദിച്ചു നൽകിക്കഴിഞ്ഞതിനാൽ പദ്ധതിയിൽ ഇപ്പോൾ തുക ലഭ്യമല്ലാത്തതാകുന്നു. എന്നാൽ പട്ടികവർഗ്ഗക്കാർക്ക് വളരെയധികം ഗുണ പ്രദമായ ഈ പദ്ധതി തുടരുന്നതിന് 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്നുള്ള നടപ്പു നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ ശുപാർശ സർക്കാർ പരിഗണിച്ചു വരികയാണ്. ഇതുകൂടാതെ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 17 ആയുർവേദ ഡിസ്പെൻസറികളിലും ഒരു ആയുർവേദ ആശുപത്രിയിലും ആദിവാസികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നു. നെടുമങ്ങാട് ഇടുക്കി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴിയും 5 ഒ.പി. ക്ലിനിക്കുകൾ വഴിയും സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. |
| സി | വയനാട്ടിലെ ആദിവാസികൾക്കിടയിൽ ക്ഷയരോഗം പടർന്നുപിടിച്ച് മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ? | സി | ഇല്ല. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ ജില്ലയിൽ ഒരു ആദിവാസി ക്ഷയരോഗം മൂലം മരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ